പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2214 — 04.11.2019 -ൽ മറുപടിക്ക്

## വിശപ്പുരഹിത കേരളം പദ്ധതി

| ചോദ്യം<br>**ശ്രീ.എ.പി.അനിൽ കുമാർ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| **(എ)** ആശ്രയവും വരുമാനമാർഗ്ഗവുമില്ലാത്തവർക്ക് സൗജന്യമായും, അർഹരായ മറ്റുള്ളവർക്ക് സൗജന്യ നിരക്കിലും ഒരു നേരമെങ്കിലും ഭക്ഷണം നൽകുന്നതിനായി ആവിഷ്ക്കരിച്ച വിശപ്പുരഹിത കേരളം പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ ; | **(എ)** വിശപ്പ് രഹിത കേരളം പദ്ധതി ആലപ്പുഴ ജില്ലയിൽ ആരംഭിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽ കൂടി പദ്ധതി ആരംഭിക്കുന്നതിന്റെ പ്രവർത്തനം അവസാന ഘട്ടത്തിലാണ്. കോട്ടയം, കൊല്ലം ജില്ലകളിൽ കൂടി പദ്ധതി നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| **(ബി)** 2018-19 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി തുക വകയിരുത്തിയിരുന്നോ; എങ്കിൽ ഇതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ ; | **(ബി)** 2018-19 സാമ്പത്തിക വർഷം വിശപ്പ് രഹിത കേരളം പദ്ധതിക്കായി പത്തനംതിട്ട, തൃശ്ശൂർ ജില്ലകൾക്ക് ഒരു കോടി രൂപ വീതവും ആലപ്പുഴ ജില്ലയ്ക്ക് 20 ലക്ഷം രൂപയും അനുവദിച്ചിരുന്നു. പദ്ധതി ആരംഭിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയ്ക്ക് 70 ലക്ഷം രൂപ അനുവദിച്ചതിനു പുറമേ പദ്ധതിയുടെ തുടർ നടത്തിപ്പിനും, വിപുലീകരണത്തിനുമായിട്ടാണ് 2018-19 വർഷം 20 ലക്ഷം രൂപ കൂടി അനുവദിച്ചത്. ആലപ്പുഴ ജില്ലയ്ക്ക് മൊത്തം നല്കിയ 90 ലക്ഷം രൂപയിൽ 24,66,199/- രൂപ ഇതിനകം ചെലവാക്കിയിട്ടുണ്ട്. |
| **(സി)** ഏതൊക്കെ ജില്ലകളിലാണ് നിലവിൽ പദ്ധതി പ്രാവർത്തികമാക്കിയിട്ടുള്ളത്; പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനും പദ്ധതി വിപുലപ്പെടുത്തുന്നതിനും സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണമെന്താണ് എന്നറിയിക്കാമോ ? | **(സി)** ആലപ്പുഴ ജില്ലയിൽ പദ്ധതി നിലവിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽ പദ്ധതി ഉടൻ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലും കോട്ടയം, കൊല്ലം ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലുമാണ്. പദ്ധതി ക്രമമായി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ